compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 19
Tuesday, 19th August 2025

1201 ചിങ്ങം 3
3rd Chingam 1201

1947 ശ്രാവണം 28
28th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **33**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ്

നമ്പർ ARG KTD/29/2023/OI. 2025 ആഗസ്റ്റ് 11.

1969-ലെ കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യുകയും വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്നതും യാതൊരു റിക്കോർഡുകളും രേഖകളും രജിസ്റ്ററുകളും ലഭ്യമായിട്ടില്ലാത്തതുമായ ചുവടെ ചേർക്കുന്ന സഹകരണ സംഘങ്ങളുടെ ഏതെങ്കിലും റിക്കോർഡുകൾ കൈവശം ഉള്ളവർ ആയത് ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം ലിക്വിഡേറ്ററുടെ ആഫീസായ കാട്ടാക്കട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ ആഫീസ്, മിനി സിവിൽ സ്റ്റേഷൻ, കാട്ടാക്കടയിൽ എത്തിക്കേണ്ടതാണ്.

ക്രമനമ്പർ	സംഘത്തിന്റെ പേരും മേൽ വിലാസവും
1	Myladi Consumer CS Ltd. T. 1199, Puliyarakonam P. O.
2	Amachal Labour Contract CS
3	Kattakkada Consumer CS Ltd. No. T. 1106, Amachal P. O.
4	Malayinkeezhu Consumer CS Ltd. No. T. 952, Malayinkeezhu P. O.
5	Vilappil Vanitha CS Ltd. No. T. 1055, Peyad P. O.
6	Thiruvananthapuram District SC/ST Labour Contract CS Ltd. T. 1836, Venpakal P. O.
7	Thiruvananthapuram District Freedom Fighters Labour Contract CS Ltd. T. 1207, Malayinkeezhu P. O.
8	Parireksha Labour Contract CS Ltd. No. 1067
9	Nemom Block Labour Contract CS Ltd. T. 1414
10	Neyyattinkara Taluk Labour Contract CS

(ഒപ്പ്)

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, കാട്ടാക്കട.

ലിക്വിഡേറ്റർ,
മലയിൻകീഴ് യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ സംഘം നിയമം, 1969 ചട്ടം 69(2) പ്രകാരം]

നമ്പർ ARG TSR/1205/2023 UI(5). 2025 ജൂലൈ 15.

വിഷയം: —R 1016 സെൻട്രൽ PWD സ്റ്റാഫ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം പ്രവർത്തനം അവസാനിപ്പിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സംഘം ജനറൽ ബോഡിയുടെ 5-4-2023 തീയതിയിലെ 5-ാം നമ്പർ തീരുമാനം.

(2) ജോയിന്റ് രജിസ്ട്രാർ (ജനറൽ) തൃശ്ശൂർ-ന്റെ 20-6-2024 തീയതിയിലെ JRGTSR/1878/2020/AEL നമ്പർ ഉത്തരവ്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. R 1016 സെൻട്രൽ PWD സ്റ്റാഫ് ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം ജീവനക്കാർക്ക് തൃശ്ശൂരിൽ നിന്നും സ്ഥലം മാറ്റം ലഭിക്കുന്നതിനാലും, ജീവനക്കാരുടെ റിട്ടയർമെന്റുമൂലവും സംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമായ കുറഞ്ഞ അംഗസംഖ്യ നിലനിർത്തുന്നതിന് സാധിക്കാത്ത അവസ്ഥയാണെന്നും, അംഗസംഖ്യ വർദ്ധിപ്പിച്ച് സംഘത്തെ ശക്തിപ്പെടുത്താൻ സാധിക്കാത്തതിനാൽ സംഘം പ്രവർത്തനം നിർത്തലാക്കുന്നതിനുവേണ്ട നടപടികൾക്കായി സൂചന (1) പ്രകാരം സംഘം പൊതുയോഗം തീരുമാനമെടുത്ത് അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ സംഘത്തിന് എതിരായുള്ള എല്ലാ അവകാശവാദങ്ങളും താഴെ പറയുന്ന വിലാസത്തിൽ 2 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ലിക്വിഡേറ്റർ,
R 1016 സെൻട്രൽ PWD സ്റ്റാഫ് ക്രെഡിറ്റ്
കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം/
നടത്തറ യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, തൃശ്ശൂർ-3.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: പി. പി. സലിം)

നമ്പർ JRGKTM/843/2024-AEL. 2025 ആഗസ്റ്റ് 4.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—പനച്ചിക്കാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1136—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 19-3-2024-ലെ ARGKTM/916/2023UI(4) നമ്പർ കത്ത്.

കോട്ടയം താലൂക്കിലെ പനച്ചിക്കാട് ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച കെ 1136 പനച്ചിക്കാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം വർഷങ്ങളായി പ്രവർത്തരഹിതവും തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി സംഘത്തിന്റെ സമാപ്തീകരണം നടത്തുന്നതിനായി ഈ ആഫീസിലെ 17-1-2024-ലെ JRGKTM/2005/2023-HM നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ സംഘം നിയമം, വകുപ്പ് 66 (2) പ്രകാരം വിശദ പരിശോധന നടത്തുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ പുതുപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്.

സംഘത്തിൽ യാതൊരു പ്രവർത്തനവും നടക്കാതിരിക്കുകയും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കെ 1136 പനച്ചിക്കാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം സമാപ്തീകരിച്ച് ഉത്തരവാകുന്നു. കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ കുമരകം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി കേരള സഹകരണ സംഘം നിയമം 72-ാം വകുപ്പ് പ്രകാരം നിയമിക്കുന്നു. ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ മുതലുകളുടേയും റിക്കാർഡുകളുടേയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിയുന്ന മുറയ്ക്ക് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കേണ്ടതും നിശ്ചിത സമയത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി അറിയിക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടേയും റിക്കാർഡുകളുടേയും പട്ടിക, ഏറ്റെടുത്ത തീയതിയിലെ താൽക്കാലിക ബാക്കിപത്രം എന്നിവ സമർപ്പിക്കേണ്ടതും, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ആഫീസ്, കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: രാമകൃഷ്ണൻ, വി.)

നമ്പർ 1317/2025-എ.ഇ.എൽ/കെഡിസ്. 2025 ജൂലൈ 30.

വിഷയം :—സഹകരണ വകുപ്പ്—തളിപ്പറമ്പ റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1610—പ്രവർത്തനരഹിതം—കേരള സഹകരണ നിയമം 71 (1) സംഘം പ്രവർത്തനം സമാപ്തീകരിച്ചും, 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തളിപ്പറമ്പിന്റെ 1-1-2024 തീയതിയിലെ 19/2023 നമ്പർ കത്തും, പരിശോധന റിപ്പോർട്ടും.

തളിപ്പറമ്പ റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1610-ന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തളിപ്പറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തളിപ്പറമ്പ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേൽ സൂചന പ്രകാരം ഈ ഓഫീസിൽ സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പരിശോധിച്ചതിൽ സംഘം വർഷങ്ങളായി പ്രവർത്തനരഹിതമാണെന്നും സംഘം നിയമാവലി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നില്ലെന്നും സംഘത്തിൽ ഭരണ സമിതി നിലവിൽ ഇല്ലെന്നും, വാർഷിക പൊതുയോഗം ചേരാറില്ലെന്നും പൂർണ്ണമായും പ്രവർത്തന രഹിതമാണെന്നും, പുനരുജ്ജീവന സാധ്യതയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും സംഘം പൂർണ്ണമായും പ്രവർത്തനരഹിതമാണെന്നും, ഭരണ സമിതി നിലവിലില്ലെന്നും, പുനരുജ്ജീവന സാധ്യതയില്ലെന്നും ബോധ്യപ്പെട്ടതിനാൽ കേരള സഹകരണ നിയമം 71 (1) വകുപ്പ് പ്രകാരം സമാപ്തീകരിച്ചും, സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും താഴെ ചേർത്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

തളിപ്പറമ്പ റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1610 പ്രവർത്തനരഹിതമായതിനാൽ കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിച്ചും 72-ാം വകുപ്പ് പ്രകാരം തളിപ്പറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തളിപ്പറമ്പ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും ടി വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കണ്ണൂർ. (ഒപ്പ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.19 03:08:29 +05:30